**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1536** **01-02-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഭവൻ നിർമ്മാണ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിന്റെ ആസ്ഥാന മന്ദിരമായ റവന്യൂ ഭവൻ നിർമ്മാണത്തിന് കരാർ നൽകിയിട്ടുള്ള സ്ഥാപനം ഏതാണ്; വിശദാംശം നൽകുമോ; | (എ) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി എന്ന സ്ഥാപനത്തിനാണ് റവന്യൂ വകുപ്പിന്റെ ആസ്ഥാന മന്ദിരമായ റവന്യൂ ഭവൻ നിർമ്മാണത്തിന് കരാർ നൽകിയിട്ടുള്ളത് . |
| (ബി) | പ്രസ്തുത പ്രോജക്ടിന്റെ ഡി.പി.ആർ പരിശോധിക്കേണ്ട സാങ്കേതിക സമിതിയുടെ കൺവീനറായി കരാർ കമ്പനിയായ യു.എൽ.സി.സി.എസ് ന്റെ അസിസ്റ്റന്റ് മാനേജരെ തന്നെ നിയോഗിച്ചത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത തീരുമാനം അടിയന്തരമായി മരവിപ്പിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പബ്ലിക് വർക്കിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട 28.04.2021 തീയതിയിലെ സ.ഉ (അച്ചടി)നം.67/2021/ധന നമ്പർ പ്രകാരമുള്ള സർക്കാർ ഉത്തരവിലെ ഖണ്ഡിക 9.3 ൽ അനുശാസിക്കും പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് പ്രസ്തുത പ്രോജക്ടിന്റെ ഡി.പി.ആർ പരിശോധിക്കേണ്ട സാങ്കേതിക സമിതിയുടെ കൺവീനറായി കരാർ ഏജൻസിയായ യു.എൽ.സി.സി.എസ് ന്റെ അസിസ്റ്റന്റ് മാനേജരെ നിയോഗിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത തീരുമാനം മരവിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ